പത്രക്കുറിപ്പ്


**KERALA STATE COMMISSION FOR**

**PROTECTION OF CHILD RIGHTS**

Vanross Junction, Kerala University P.O., Thiruvananthapuram – 695 034

Phone : 0471 – 2326603/04/05E-mail : pro.cpcr@gmail.com


24.05.2022

# സ്കൂൾ ക്യാമ്പസിലെ പൊതുവഴി നിരോധിച്ച് ബാലാവകാശ കമ്മീഷൻ

പത്തനംതിട്ട: തൈക്കാവ് ഗവ.എച്ച്.എസ്.എസ്.&വി.എച്ച്.എസ്.സ്കൂൾ ക്യാമ്പസ് പൊതുവഴിയായി ഉപയോഗിക്കുന്നത് നിരോധിക്കാൻ ബാലാവകാശ കമ്മീഷൻ ഉത്തരവായി. ഇതിനാവശ്യമായ നടപടി സ്വീകരിക്കാൻ പത്തനംതിട്ട  ജില്ലാ കളക്ടർ, വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ പോലീസ് മേധാവി, മുൻസിപ്പിൽ സെക്രട്ടറി എന്നിവർക്ക് കമ്മീഷൻ അംഗം റെനി ആന്റണി നിർദ്ദേശം നൽകി. സ്കൂളിന് പൂർണ്ണമായും ചുറ്റുമതിൽ നിർമ്മിക്കുകയും ഗേറ്റ് സ്ഥാപിച്ച് മറ്റ് വാഹനങ്ങൾ കടന്നു പോകാതെ  സംരക്ഷിക്കുന്നതുൾപ്പെടെ ബന്ധപ്പെട്ടഒക്ത സ്വീകരിച്ച നടപടി റിപ്പോർട്ട് 15 ദിവസത്തിനകം കമ്മീഷന് നൽകാനും ഉത്തരവിൽ നിർദ്ദേശം നൽകി.

സ്കൂളിന്റെ മുറ്റത്തുകൂടി ടിപ്പർ ലോറികളും മറ്റ് വാഹനങ്ങളും പോകുന്നു. ക്ലാസ് മുറികൾക്കും ശുചിമുറികൾക്കുമിടയിലുള്ള സ്ഥലത്തുകൂടിയാണ് അപകട ഭീഷണിയുയർത്തി വാഹനങ്ങൾ കടന്നു പോകുന്നത്. അന്യസംസ്ഥാന തൊഴിലാളികളും അയൽവാസികളും ഇതിനെ പൊതുവഴിയായി ഉപയോഗിക്കുന്നു. സ്കൂൾ അധികൃതരും മുനിസിപ്പൽ അധികൃതരും ഇതിനെതിരെ നടപടി സ്വീകരിക്കുന്നില്ല തുടങ്ങിയ കാര്യങ്ങൾ ഉന്നയിച്ച്  കുട്ടികളെ രക്ഷിക്കാൻ ഇടപെടൽ നടത്തണമെന്നുമുള്ള പരാതിയിന്മേലാണ് കമ്മീഷൻ ഉത്തരവ് പുറപ്പെടുവിച്ചത്.

പബ്ളിക് റിലേഷൻസ് ഓഫീസർ